## പതിമൂന്നാം കേരള നിയമ സഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1118 13-06-2013 -ലെ മറുപടിക്കുണ്ടായിരുന്നത്

## തിരുവനന്തപുരം ജില്ലയിലെ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ബി. സത്യൻ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | തിരുവനന്തപുരം ജില്ല യിൽ വരൾച്ചാ ദുരിതാ ശ്വാസപ്രവൃത്തികൾക്കായി ഈ വർഷം ആകെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിൽ എന്തു തുകയാണ് ഇതു വരെ ചെല വഴിച്ചിട്ടുള്ളത് ; വിശദമാക്കാമോ; | എ) | വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾക്കായി ഈ സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയ്ക്ക് 11,66,11,966/-രൂപ. (പതിനൊന്ന് കോടി അറുപത്താറു ലക്ഷത്തി പതിനൊന്നായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് രൂപാ മാത്രം) അനുവദിച്ചിട്ടുണ്ട്. ആയതിൽ 99,84,354/- രൂപ (തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി എൺപത്തിനാലായിരത്തി മുന്നൂറ്റി അമ്പത്തിനാല് രൂപാ മാത്രം) കുടിവെള്ള വിതരണത്തിനായി ബന്ധപ്പെട്ട തഹസീൽദാർമാർക്കും വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികൾ നടപ്പാക്കിയ വകയിൽ ഭൂജല വിഭവ വകപ്പിന് 1,34,895/- (ഒരു ലക്ഷത്തി മുപ്പത്തിനാലാ യിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപാ മാത്രം) രൂപയും കേരള വാട്ടർ അതോറിറ്റിക്ക് 2,87,647/- (രണ്ട് ലക്ഷത്തി എൺപത്തി ഏഴായിരത്തി അറുന്നൂറ്റി നാല്പത്തിയേഴ് രൂപാ മാത്രം) രൂപയും ഉൾപ്പെടെ ഇതുവരെ 1,04,06,896/- (ഒരു കോടി നാല്വ ലക്ഷത്തി ആറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റാറു രൂപാ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ബി) | വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളി ലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃ ത്തികൾ ഫണ്ടിന്റെ അപര്യാപ്തത മൂലം ടെണ്ടർ നടപടികളിലേക്ക് കടക്കുവാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്ത മാക്കാമോ? | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ